**കേരള സംസ്ഥാന സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) പുറപ്പെടുവിക്കുന്ന ഉത്തരവ്**

നമ്പർ ഇ.എ(5) 236/2019 തിരുവനന്തപുരം,തിയതി: 16/01/2019

വിഷയം:- സഹകരണ വകുപ്പ് - ജീവനക്കാര്യം -ആഫീസ് അറ്റൻഡന്റ്-ന് ക്ലർക്ക് തസ്തികയിലെ 10% ഒഴിവിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-1)സർക്കാർ ഉത്തരവ് നമ്പർ 1/2014/ഉ.ഭ.പ.വ. തിയതി 03.01.2014.
2)സർക്കാർ ഉത്തരവ് നമ്പർ 21/2014/ ഉ.ഭ.പ.വ. തിയതി 19.07.2014.
3)സർക്കാർ ഉത്തരവ് നമ്പർ സ.ഉ.(പി) നംമ്പർ 16/2015/ ഉ.ഭ.പ.വ. തിയതി 28.05.2015.
4)ഈ ആഫീസിലെ അഡീഷണൽ രജിസ്ട്രാർ (ജനറൽ)-ന്റെ 28.12.2018 -ലെ ഇ.ബി.(5)9582/2018 നമ്പർ സീനിയോറിറ്റി ഉത്തരവ്.

പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം വിവിധ വകുപ്പുകളിൽ ക്ലർക്ക്, എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികകളിലേക്ക് ഉണ്ടാകുന്ന 10% ഒഴിവുകളിലേക്ക് ക്ലാസ്സ് IV സബോർഡിനേറ്റ് സർവ്വീസിൽപ്പെട്ട താഴ്ന്ന വിഭാഗം ജീവനക്കാർക്ക് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന അനുവദിച്ചിട്ടുള്ള നിലവിലെ തസ്തിക മാറ്റത്തിന് പുറമേ യോഗ്യതയുടെയും സീനിയോരിറ്റിയുടേയും അടിസ്ഥാനത്തിൽ അതാത് വകുപ്പിലെ ടി ജീവനക്കാർക്ക് അതാതു വകുപ്പിൽ ഉണ്ടാകുന്ന ടി തസ്തികയിലെ 10% ഒഴിവുകളിൽ കൂടി തസ്തികമാറ്റം വഴി സ്ഥാനക്കയറ്റം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി സാഹചര്യത്തിൽ ചുവടെ പരാമർശിക്കും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഉത്തരവ്**

സഹകരണ വകുപ്പിൽ ചുവടെ പരാമർശിക്കുന്ന ആഫീസ് അറ്റൻഡന്റ്മാർക്ക് അവരുടെ യോഗ്യതയുടെയും സീനിയോരിറ്റിയുടെയും ഒഴിവിന്റെയും അടിസ്ഥാനത്തിൽ ക്ലർക്ക് തസ്തികയിൽ 19000-43600/- രൂപ ശമ്പളനിരക്കിൽ തസ്തികമാറ്റം മുഖേന നിയമനം നൽകി അവരുടെ പേരിന് നേരെ കോളം 5-ൽ പറഞ്ഞിരിക്കുന്ന ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിൽ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നമ്പർ | പേര് | ജില്ല | നിലവിലെ നിയന്ത്രണ ഉദ്യോഗസ്ഥൻ | തസ്തികമാറ്റം നൽകി നിയമിക്കപ്പെട്ട ന്ന നിയന്ത്രണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | അഗസ്റ്റിൻ ജോസ് എസ് ഐ | തിരുവനന്തപുരം | ഡെപ്യൂട്ടി രജിസ്ട്രാർ ഭരണം(സഹകരണസംഘം രജിസ്ട്രാർ ആഫീസ്) തിരുവനന്തപുരം | ഡെപ്യൂട്ടി രജിസ്ട്രാർ/ സെക്രട്ടറി കേരള കോപ്പറേറ്റീവ് ട്രൈബ്യൂണൽ |
| 2. | സെബാസ്റ്റിൻ ടി ടി | വയനാട് | ജോയിന്റ് രജിസ്ട്രാർ (ജനറൽ) വയനാട് | ജോയിന്റ് രജിസ്ട്രാർ (ജനറൽ) വയനാട് |

തസ്തിക മാറ്റം മുഖേന നിയമനം നേടിയ ഉദ്യോഗസ്ഥർ ടി ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥന് മുമ്പാകെ ജോലിക്ക് ഹാജരാകേണ്ടതാണ്. ടി തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ 3 വർഷത്തെ തുടർച്ചയായ സേവനത്തിൽ 2 വർഷം പ്രൊബേഷനിൽ ആയിരിക്കും. സർക്കാരിന്റെ 26.02.2011 ലെ 85/11/ഫിൻ നമ്പർ ഉത്തരവ് പ്രകാരം ടി തസ്തികയിൽ ഓപ്ഷൻ സമർപ്പിക്കേണ്ടതാണ്. ടി നിയമനം സർക്കാരിൽ നിന്നും ലഭിക്കുന്ന സ്പഷ്ടീകരണത്തിന് വിധേയമായി നിയമനാധികാരി പുനഃപരിശോധിക്കുന്നതായിരിക്കും. ടി തസ്തികയിൽ നിർദ്ദിഷ്ട തിയതിക്കുള്ളിൽ റിലിൻക്വിഷ് ചെയ്യാനുള്ള അവകാശവും ഉദ്യോഗസ്ഥർക്ക് ഉണ്ടായിരിക്കുന്നതാണ്.

തസ്തിക മാറ്റം മുഖേന ജോലിയിൽ പ്രവേശിക്കുന്ന ഉദ്യോഗസ്ഥർ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും നിലവിലെ നിയന്ത്രണാധികാരിയുടെ വിടുതൽ സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. ടി ജീവനക്കാരെ നിലവിലെ തസ്തികയിൽ നിന്നും വിടുതൽ ചെയ്യുന്നതിന് മുമ്പും, പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിക്കുന്നതിന് മുമ്പും അവർ എസ്.എസ്.എൽ.സി./തത്തുല്യം, പരീക്ഷകൾ പാസ്സായിട്ടുണ്ടോയെന്ന് ബന്ധപ്പെട്ട നിയന്ത്രണ ഉദ്യോഗസ്ഥന്മാർ സർട്ടിഫിക്കറ്റുകൾ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ടി ഉദ്യോഗസ്ഥരെ വിടുതൽ ചെയ്യുന്നതും ജോലിയിൽ പ്രവേശിച്ചതുമായ വിവരം അതാത് നിയന്ത്രണ ഉദ്യോഗസ്ഥന്മാർ യഥാസമയം ഈ ആഫീസിനെ അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)
സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി

വ്യക്തികൾക്ക്:- (നിയന്ത്രണ ഉദ്യോഗസ്ഥൻ മുഖേന)

പകർപ്പ്:-

1) സഹകരണ സംഘം രജിസ്ട്രാറുടെ മേശപ്പുറത്ത്,
2) ഡെപ്യൂട്ടി രജിസ്ട്രാർ/ സെക്രട്ടറി കേരള കോപ്പറേറ്റീവ് ട്രൈബ്യൂണൽ
3)ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം) സഹകരണ സംഘം രജിസ്ട്രാർ ആഫീസ്, തിരുവനന്തപുരം
4)ജോയിന്റ് രജിസ്ട്രാർ (ജനറൽ),വയനാട്
5)ഇ.എ. (2) സെക്ഷൻ,
6)എ(4) എ(7) സെക്ഷൻ,
7)സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

അസിസ്റ്റന്റ് രജിസ്ട്രാർ (ഇ.എ)